കോ–ഓർഡിനേഷൻ കമ്മിറ്റി
**കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &**
**കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ**
(Affiliated to AIRRBEA & BEFI)
സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505
Email: kgbeumpm@gmail.com, visit:www.kgbeuou.com

സർക്കുലർ 13/2023 12/07/2023

# ജില്ലാ സമ്മേളനങ്ങൾ സമാപിച്ചു; അഞ്ചാം സമ്മേളനത്തിലേക്ക്

സഖാക്കളെ,

നമ്മുടെ സംഘടനയുടെ 14 ജില്ലകളിലെയും സമ്മേളനം വിജയകരമായി സമാപിച്ചിരിക്കുകയാണ്. ഇനി നാം ജൂലൈ 22, 23 തീയതികളിൽ കോട്ടയത്ത് നടക്കുന്ന അഞ്ചാം സമ്മേളനത്തിലേക്ക് നീങ്ങുകയാണ്. സമ്മേളനത്തിന്റെ വിജയകരമായ നടത്തിപ്പിനായി വിപുലമായ സ്വാഗത സംഘം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.

ജനാധിപത്യ രീതിയിൽ മാതൃകാപരമായാണ് നമ്മുടെ സംഘടനയുടെ സമ്മേളനങ്ങൾ നടക്കുന്നത്. 14 ജില്ലകളിലേയും സമ്മേളനം മുഴുവൻ അംഗങ്ങൾക്കും പങ്കെടുക്കാവുന്ന നിലയിലാണ് നടക്കുന്നത്. ജില്ലാ സമ്മേളനങ്ങൾക്ക് മുമ്പ് 71 ഏരിയകളിൽ ഏരിയാ സമ്മേളനം നടന്നു. എന്നാൽ, സംസ്ഥാന സമ്മേളനം പ്രാതിനിധ്യ സ്വഭാവത്തോടെയാണ് നടക്കുക. അഞ്ച് മെമ്പർമാർക്ക് ഒരു പ്രതിനിധി എന്ന നിലയിൽ ജില്ലാ സമ്മേളനത്തിൽ വച്ച് തെരെഞ്ഞെടുക്കപ്പെട്ടവരായിരിക്കും സംസ്ഥാന സമ്മേളനത്തിൽ പങ്കെടുക്കുക. നമ്മുടെ ബാങ്കിൽ നിന്നും റിട്ടയർ ചെയ്ത ജീവനക്കാരുടെ സംഘടനയായ KGBRF ന്റെയും ദിവസക്കൂലിക്കാരുടേയും അപ്രൈസർമാരുടെയും പ്രതിനിധികൾ സമ്മേളനത്തിൽ സൗഹാർദ്ദ പ്രതിനിധികളായി പങ്കെടുക്കും.

കിസാൻ സഭയുടെ അഖിലേന്ത്യാ ജനറൽ സെക്രട്ടറി സ. വിജൂ കൃഷ്ണൻ ആണ് സമ്മേളനം ഉദ്ഘാടനം ചെയ്യുന്നത്. സമ്മേളനത്തോടനുബന്ധിച്ച് നടക്കുന്ന വനിതാ സമ്മേളനം അഖിലേന്ത്യാ ജനാധിപത്യ മഹിളാ അസോസിയേഷൻ കേന്ദ്ര കമ്മിറ്റി അംഗവും മുൻ എംപിയുമായ ഡോ. ടി.എൻ. സീമ ഉദ്ഘാടനം ചെയ്യും.

എല്ലാ ഇരുപത്തിയേഴാം തീയതിയും ശമ്പളം കിട്ടുന്നില്ലേ എന്ന് ചില ഏമാൻമാരെല്ലാം ചിലയിടങ്ങളിലെങ്കിലും സൂചിപ്പിക്കുന്നുണ്ട്. എന്നാൽ ഇത് പറയുന്നവർ ബോധപൂർവ്വം മറക്കുന്ന ഒരു കാര്യമുണ്ട്. ഗ്രാമീണ ബാങ്ക് ജീവനക്കാർ നേടിയെടുത്ത ഏറ്റവും വലിയ നേട്ടം 'തുല്യ ജോലിക്ക് തുല്യവേതനം' വലിയ പോരാട്ടത്തിലൂടെ കരഗതമാക്കി എന്നതാണ്. 1991 ൽ ഇതിന്റെ ഉത്തരവിലൂടെ വേതനതുല്യത ലഭിച്ചു. എന്നാൽ 1995 ൽ ആറാം കരാർ നടപ്പാക്കാൻ പല ഗ്രാമീണ ബാങ്കുകളും തയ്യാറായില്ല. നാം പൊരുതിനേടിയ വേതന തുല്യത അട്ടിമറിക്കപ്പെട്ടു. ഇതിനെതിരെ ഇന്ത്യയിലെ ഗ്രാമീണ ബാങ്കുകളിൽ ഏറ്റവും രൂക്ഷമായ പ്രക്ഷോഭം നടന്നത് സൗത്ത് മലബാർ ഗ്രാമീണ ബാങ്കിലാണ്. പിന്നീട് നിയമയുദ്ധം ആരംഭിച്ചതും അവിടെത്തന്നെ. 1998 ജൂലൈയിൽ ബഹു. കേരള ഹൈക്കോടതിയുടെ സിംഗിൾ ബെഞ്ച് വേതനതുല്യത പുനഃസ്ഥാപിച്ചുകൊണ്ടുള്ള ചരിത്രപ്രസിദ്ധമായ വിധി പ്രഖ്യാപിച്ചു (ഈ വിധിക്കെതിരെ ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ചിലും സുപ്രീം കോടതിയിലും അപ്പീൽ പോയവരാണ് മാനേജ്മെന്റ്). ചരിത്ര പ്രസിദ്ധമായ ഹൈക്കോടതി സിംഗിൾ ബെഞ്ച് വിധിയുടെ ഇരുപത്തഞ്ചാം വാർഷികം ആയ ഈ സമയത്ത് അതിനെക്കുറിച്ചുള്ള ഒരു പ്രത്യേക സെഷൻ സമ്മേളനത്തിൽ നടക്കും. ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ സഖാക്കൾ കെ.ജി. മദനൻ, കെ.എം. അച്ചുതൻ കുട്ടി, പി. മോഹനൻ എന്നിവരെ ആദരിക്കും.

സംഘടനാ പ്രവർത്തനത്തെ ഗൗരവത്തോടെ സമീപിക്കുന്ന ഏതൊരു സംഘടനയും റിപ്പോർട്ട് കാലയളവിൽ നടത്തിയ പ്രവർത്തനത്തെ വിമർശനാത്മകമായി വിലയിരുത്തുന്നതിനാണ് മുന്തിയ പരിഗണന നൽകുക. ആ അർത്ഥത്തിൽ ജനറൽ സെക്രട്ടറി അവതരിപ്പിക്കുന്ന പ്രവർത്തന റിപ്പോർട്ടിൻമേലുള്ള ചർച്ചയാണ് സമ്മേളനത്തിന്റെ ഒന്നാമത്തെ അജണ്ട. ഈ ചർച്ച ഗൗരവപൂർണമായി നടത്തുന്നതിന് വേണ്ടി എല്ലാ ജില്ലകളിലും പ്രതിനിധികൾ ഒത്തുകൂടി റിപ്പോർട്ട് വായിച്ച് എന്തൊക്കെ വിഷയങ്ങളാണ് സംസ്ഥാന സമ്മേളനം മുമ്പാകെ അവതരിപ്പിക്കേണ്ടത് എന്ന് തീരുമാനിക്കും. ആ അർത്ഥത്തിൽ പരിശോധിക്കുമ്പോൾ നമ്മുടെ സമ്മേളനം മൂന്ന് ദിവസം നീണ്ടു നിൽക്കുന്ന ഒന്നായി മാറും.

നമ്മുടെ ബാങ്കിലെ രൂക്ഷമായ സ്റ്റാഫ് ഷോർട്ടേജ്, ദിവസകൂലിക്കാരെ സ്ഥിരപ്പെടുത്താം എന്ന കരാറിന്റെ ലംഘനം, 29 OATD മാരുടെ ആനുകൂല്യം കോടതി വിധി ഉണ്ടായിട്ടും നൽകാത്തത്, ചോയ്സ് ഇൻഷുറൻസിന് വേണ്ടി ചില കേന്ദ്രങ്ങളിൽ നിന്ന് നടത്തുന്ന വിടുപണി, കേരളത്തിന്റെ പശ്ചാത്തലത്തിൽ ഒട്ടും ആവശ്യമില്ലാത്ത BC നിയമനം എന്നിവയും സമ്മേളനം ഗൗരവപൂർവ്വം ചർച്ച ചെയ്യുകയും യുക്തമായ തീരുമാനം എടുക്കുകയും ചെയ്യും.

സമ്മേളനത്തിൽ AIRRBEA, BEFI നേതാക്കൾ പങ്കെടുക്കും. സമ്മേളനത്തിന്റെ സന്ദേശം മുഴുവൻ ജീവനക്കാരിലേക്കും എത്തിക്കാൻ ജില്ലാ, ഏരിയാ കമ്മിറ്റികൾ ശ്രദ്ധിക്കണം എന്ന് അഭ്യർത്ഥിക്കുന്നു. കഴിഞ്ഞ ജില്ലാ സമ്മേളനങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളുടെ പേരുവിവരം ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു.

**അഭിവാദനങ്ങളോടെ,**

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 9895710203

**പ്രശാന്ത് ജി**
ആക്ടിംഗ് ജനറൽ സെക്രട്ടറി
KGBOU, 9995110026

# ജില്ലാ ഭാരവാഹികൾ

**എംപ്ലോയീസ് യൂണിയൻ**

| ജില്ല | സെക്രട്ടറി | പ്രസിഡണ്ട് |
|---|---|---|
| കാസർഗോഡ് | അനൂപ് വി.വി | രമേഷ് കെ.എൽ |
| കണ്ണൂർ | ഭാനുപ്രകാശ് സി.പി | ശ്രീഷ് സി |
| വയനാട് | ജസ്റ്റിൻ ജെ | അഷിൻ സജി |
| കോഴിക്കോട് | സുബീഷ് കെ.എം | ബാബു എൻ.കെ |
| മലപ്പുറം | ജിതിൻ രാജ് വി | ജയൻ പി |
| പാലക്കാട് | ശ്രീജിത്ത് കെ.എ | നീതു യു |
| തൃശൂർ | ബിനു കെ.ആർ | നിവിയ കെ.ടി |
| എറണാകുളം | വിഷ്ണു ഗോപിനാഥ് | മൃദുൻ സോമൻ |
| ഇടുക്കി | അമീഷ് ഡൊമിനിക്ക് | സുജയ് പി. രാജീവ് |
| കോട്ടയം | എബിൻ എം. ചെറിയാൻ | ശ്രീകാന്ത് ആർ |
| ആലപ്പുഴ | ഗായത്രി ഷണ്മുഖൻ | മനോജ് ടി.എം |
| പത്തനംതിട്ട | രഞ്ജു കെ | നിതിൻ എസ് |
| കൊല്ലം | റോബിൻ കെ. രാജു | സജീവ് ഡി |
| തിരുവനന്തപുരം | തൗഫീഖ് എസ് | അശ്വതി പിള്ള എസ്.കെ |

**ഓഫീസേഴ്സ് യൂണിയൻ**

| ജില്ല | സെക്രട്ടറി | പ്രസിഡണ്ട് |
|---|---|---|
| കാസർഗോഡ് | ശരത് ഇ.എസ് | ശരത് മോഹൻ |
| കണ്ണൂർ | നിഖിൽ എം | മിഥുൻ കെ.ജി |
| വയനാട് | ഐബിൻ എ | സിബിൻ ജോയ്സ് മാനുവൽ |
| കോഴിക്കോട് | സജിൻ വി.എസ് | ജോഷിത്ത് പി.ടി |
| മലപ്പുറം | പ്രശാന്ത് കെ.പി | വിനയ് വിലാസ് |
| പാലക്കാട് | ജയപ്രകാശൻ എം | മനോജ് ജി |
| തൃശൂർ | നിതിൻ എം.എം | വിനീത് ജോർജ് |
| എറണാകുളം | ജീവൻ എ | ആരതി എൻ. മേനോൻ |
| ഇടുക്കി | പീയൂഷ് പി.എൻ | സച്ചിൻ ആർ |
| കോട്ടയം | രമ്യരാജ് | ബില്ലി ഗ്രഹാം വി.എസ് |
| ആലപ്പുഴ | വിനീത് മോഹൻ സി | നിതിൻ ബി |
| പത്തനംതിട്ട | അജിത്ത് കുമാർ കെ.ജെ | മീനു എസ്. മോഹൻ |
| കൊല്ലം | ബിച്ചു ജോസ് | കൃഷ്ണ പ്രിയ എ.എസ് |
| തിരുവനന്തപുരം | അശ്വിൻ എം.എ | പത്മകുമാർ എ.ആർ |

**വനിതാ സബ് കമ്മിറ്റി**

| ജില്ല | കൺവീനർ | ജില്ല | കൺവീനർ |
|---|---|---|---|
| കാസർഗോഡ് | സുജല സി.വി | എറണാകുളം | രേഷ്മ രാജൻ |
| കണ്ണൂർ | നിജിഷ വി | ഇടുക്കി | അമ്മു ബേബി |
| വയനാട് | പ്രിയ പി.എസ് | കോട്ടയം | അനു മോഹൻ |
| കോഴിക്കോട് | സ്വാതി എം | ആലപ്പുഴ | രശ്മി രാജൻ |
| മലപ്പുറം | വിദ്യ കെ | പത്തനംതിട്ട | ഗീതു എം. |
| പാലക്കാട് | സൂര്യ എം | കൊല്ലം | രമ്യ യു.എസ് |
| തൃശൂർ | അനിജ എ.വി | തിരുവനന്തപുരം | രാകേന്ദു ആർ.എ |